10
2026
മാർച്ച്
ചൊവ്വ
കുംഭം 26

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 56 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-56 പേജ് 4. വില 2.00 രൂപ

02 എഴുപതിന്റെ ചെറുപ്പത്തിൽ ഡോ. ശശി തരൂർ; പകരം വയ്ക്കാനാവാത്ത പ്രതിഭ

03 ഇറാനിയൻ യുദ്ധക്കപ്പലുകൾ സഹായം അഭ്യർഥിച്ചു

04 ഭാവിയിൽ ലോകം ശ്രദ്ധിക്കുന്ന മാതൃകയായി സുശക്തി മിഷൻ മാറും: മുഖ്യമന്ത്രി

# ഇന്ധനനീക്കം ഉടൻ പുനരാരംഭിക്കുമെന്ന് അമേരിക്ക

വാഷിംഗ്ടൺ ഡിസി: ഹോർമുസ് കടലിടുക്ക് വഴിയുള്ള ഇന്ധന നീക്കം ഉടൻ പുനരാരംഭിക്കുമെന്ന് യുഎസ് ഊർജ സെക്രട്ടറി ക്രിസ് റൈറ്റ്. ഇറാൻറെ മിസൈൽ, ഡ്രോൺ ആക്രമണങ്ങളുടെ ശേഷി യുഎസ് അതിവേഗം ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണെന്നും ഫോക്സ് ന്യൂസിൻറെ ചർച്ചയിൽ പങ്കെടുക്കവെ ക്രിസ് റൈറ്റ് പറഞ്ഞു.



പ്രധാന കടലിടുക്ക് വഴി ഗൾഫിൽനിന്നുള്ള എണ്ണ, പ്രകൃതിവാതകം, വളങ്ങൾ എന്നിവയുടെയെല്ലാം നീക്കം പുനരാരംഭിക്കുക എന്നതാണു ലക്ഷ്യം. ഒരു വലിയ ടാങ്കർ ഇതുവരെ പ്രശ്നങ്ങളില്ലാതെ കടന്നുപോയി. എണ്ണയുടെ വിതരണം ഉടൻ ഹോർമുസ് വഴി പുനരാരംഭിക്കും–അദ്ദേഹം കൂട്ടിച്ചേർത്തു.


ഗൾഫ് രാജ്യങ്ങൾ ഉത്പാദനം കുറയ്ക്കുകയും ഇറാനുമായുള്ള യുഎസ്–ഇസ്രയേൽ യുദ്ധം കാരണം ഹോർമുസ് കടലിടുക്ക് അടഞ്ഞുകിടക്കുകയും ചെയ്യുന്നതിനാൽ ലോകത്തെ എണ്ണവിപണി അനിശ്ചിതത്വം നേരിടുകയാണ്. ലോകത്തിൻറെ അഞ്ചിലൊന്നു അസംസ്കൃത എണ്ണയും ദ്രവീകൃത പ്രകൃതിവാതകവും സാധാരണയായി നീങ്ങുന്നത് ഹോർമുസ് കടലിടുക്ക് വഴിയാണ്.

ഈ നിർണായക കടൽപാത അടച്ചതോടെ എണ്ണയുടെ വില വർധിക്കുകയും ചെയ്തു. ഇറക്കുമതിയെ ആശ്രയിക്കുന്ന ഏഷ്യയിലാണ് ഇത് ഏറ്റവും വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.

തങ്ങളുടെ ആവശ്യത്തിൻറെ 90 ശതമാനത്തിലധികം ഗൾഫ് ക്രൂഡിനെ ആശ്രയിക്കുന്ന ജപ്പാൻ കരുതൽ ശേഖരം ഉപയോഗിക്കുന്നത് പരിഗണിക്കുകയാണിപ്പോൾ. ചൈന ആഭ്യന്തര വിതരണം നിലനിർത്തുന്നതിനായി ഇന്ധന കയറ്റുമതി വെട്ടിച്ചുരുക്കി. ദക്ഷിണ കൊറിയ എണ്ണ വില പരിഷ്കരിക്കാനൊരുങ്ങുകയാണ്. പാക്കിസ്ഥാനാകട്ടെ ഇന്ധന വില 20 ശതമാനം കണ്ട് വർധിപ്പിച്ചു.

അതേസമയം, ഹോർമുസ് കടലിടുക്ക് വഴിയുള്ള ഗതാഗതം തടയാൻ ബലം പ്രയോഗിക്കുമെന്ന് ഇറാൻറെ ഇസ്‌ലാമിക് റവല്യൂഷണറി ഗാർഡ് കോറിലെ ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞു. 'കടലിടുക്ക് അടച്ചിരിക്കുന്നു. ആരെങ്കിലും കടന്നുപോകാൻ ശ്രമിച്ചാൽ ഐആർജിസിയിലെയും നാവിക സേനയിലെയും മിടുക്കരായ സൈനികർ ആ കപ്പലുകൾ കത്തിക്കും' -ഐആർജിസി കമാൻഡർ-ഇൻ ചീഫിൻറെ ഉന്നത ഉപദേഷ്ടാവായ ബ്രിഗേഡിയർ ജനറൽ സർദാർ ഇബ്രാഹിം ജബാരിയെ ഉദ്ധരിച്ച് ഇറേനിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

## ചരിത്രകാരൻ കെ. എൻ. പണിക്കർ അന്തരിച്ചു; വിടവാങ്ങിയത് ഇന്ത്യൻ ചരിത്രരചനയിലെ അതികായൻ



തിരുവനന്തപുരം: പ്രമുഖ ചരിത്രകാരനും സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലറുമായിരുന്ന ഡോ. കെ. എൻ. പണിക്കർ (90) അന്തരിച്ചു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് ചികിത്സയിലായിരുന്നു.

ചരിത്രരചനയിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ സ്വീകരിച്ചിരുന്ന അദ്ദേഹം, ആധുനിക ഇന്ത്യൻ ചരിത്രത്തെയും കേരള ചരിത്രത്തെയും ജനകീയ പക്ഷത്തുനിന്ന് വിശകലനം ചെയ്ത വ്യക്തിയായിരുന്നു. ജെഎൻയു പ്രൊഫസറായും ചരിത്ര വിഭാഗം മേധാവിയായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാനായും ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്ററിക്കൽ റിസർച്ച് (ഐസിഎച്ച്ആർ), കേരള ചരിത്ര ഗവേഷണ കൗൺസിൽ അധ്യക്ഷനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

## മന്ത്രി ഗണേഷ് കുമാറിനെതിരെ പ്രതിഷേധം

തിരുവനന്തപുരം: മന്ത്രി കെ. ബി. ഗണേഷ് കുമാറിനെതിരെ ഉയർന്ന ആരോപണങ്ങളെ തുടർന്ന് സംസ്ഥാനത്തുടനീളം വ്യാപക പ്രതിഷേധം. മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകർ കൽപ്പറ്റയിൽ കോഴികളുമായി പ്രതിഷേധിച്ചു.

തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിലേക്ക് കെഎസ്‌യു പ്രവർത്തകർ മാർച്ച് നടത്തി. കൽപ്പറ്റയിൽ പ്രതിഷേധക്കാർ കെഎസ്ആർടിസി ബസുകൾ തടയുകയും ഗണേഷ് കുമാറിൻറെ കോലം കത്തിക്കുകയും ചെയ്തു. ഇവിടെ പോലീസും പ്രവർത്തകരും തമ്മിൽ സംഘർഷമുണ്ടായി. മന്ത്രിയുടെ ഭാര്യ നടത്തിയ വെളിപ്പെടുത്തലിൻറെ അടിസ്ഥാനത്തിൽ പ്രതിഷേധം കടുപ്പിക്കാനാണ് പ്രതിപക്ഷ സംഘടനകളുടെ നീക്കം. മന്ത്രിയുടെ മണ്ഡലമായ പത്തനാപുരത്തും പ്രതിഷേധമുണ്ടായി. കെഎസ്‌യു പ്രവർത്തകർ കെഎസ്ആർടിസി ബസ് തടഞ്ഞ് ബാനർ കെട്ടി. കാലൻകോഴി പത്തനാപുരത്തിന് വേണ്ടെന്നെഴുതിയ ബാനറാണ് കെട്ടിയത്. തുടർന്ന് പത്തനാപുരം കെഎസ്ആർടിസി സ്റ്റാൻഡിന് മുന്നിൽ ബസുകൾ തടഞ്ഞു. പത്തനാപുരത്ത് മന്ത്രിക്ക് അനുകൂലമായും പ്രതികൂലമായും ഇരു വിഭാഗങ്ങൾ ചേരിതിരിഞ്ഞതോടെ പോലീസ് കനത്ത ജാഗ്രതയിലാണ്.

## എഡിഎം നവീൻ ബാബുവിൻറെ മരണം; തുടരന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജിയിൽ വ്യാഴാഴ്ച വിധി പറയും

കണ്ണൂർ: എഡിഎം നവീൻ ബാബുവിൻറെ മരണത്തിൽ തുടരന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജിയിൽ വ്യാഴാഴ്ച വിധി പറയും. അഡീഷണൽ ജില്ലാ സെഷൻസ് കോടതി രണ്ട് ആണ് വിധി പറയുക. അന്വേഷണത്തിൽ രാഷ്ട്രീയ ഇടപെടൽ നടന്നുവെന്നാണ് കുടുംബത്തിൻറെ ആരോപണം. അതേസമയം അന്വേഷണം ശരിയായ ദിശയിലാണെന്ന് പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു. പ്രതിയുടെ ജാമ്യാപേക്ഷ പരിഗണിക്കുന്ന സമയത്ത് ഹൈക്കോടതിയും സുപ്രീംകോടതിയും അന്വേഷണം ശരിവച്ചിരുന്നുവെന്നും പ്രോസിക്യൂഷൻ വാദിച്ചു.

## ഇലന്തൂർ ഇരട്ടനരബലിക്കേസ്: വിചാരണ ഇന്ന് ആരംഭിക്കും

കൊച്ചി: കേരളത്തെ നടുക്കിയ പത്തനംതിട്ട ഇലന്തൂർ ഇരട്ടനരിബലിക്കേസിൽ ഇന്ന് വിചാരണ ആരംഭിക്കും. തമിഴ്നാട് ധർമപുരം സ്വദേശിനി പത്മയെ കൊലപ്പെടുത്തിയ കേസിൽ എറണാകുളം അഡീഷണൽ സെഷൻസ് കോടതി അഞ്ചിലാണ് വിചാരണ. ഇതിനൊപ്പമുള്ള, കാലടിയിൽ താമസിച്ചിരുന്ന വടക്കാഞ്ചേരി സ്വദേശി റോസിലിയുടെ കൊലപാതകക്കേസിൽ അടുത്തയാഴ്ച വിചാരണ തുടങ്ങും.

പെരുമ്പാവൂർ സ്വദേശി മുഹമ്മദ് ഷാഫി, ആയുർവേദ ചികിത്സകൻ ഇലന്തൂർ പുളിന്തിട്ട കടകംപിള്ളിൽ ഭഗവൽ സിംഗ്, ഭാര്യ ലൈല എന്നിവരാണ് ഒന്നുമുതൽ മൂന്നുവരെ പ്രതികൾ. കേസിലെ ഒന്നാംസാക്ഷിയും പരാതിക്കാരിയുമായ പത്മയുടെ ഇളയസഹോദരി പഴനിയമ്മയെ ഇന്ന് വിസ്തരിക്കും.

സാമ്പത്തിക ഉന്നമനത്തിനും ഐശ്വര്യപൂജയ്ക്കുമായി പത്മയെയും റോസിലിയെയും ഭഗവൽ സിംഗിൻറെയും ലൈലയുടെയും ഇലന്തൂരിലെ വീട്ടിലെത്തിച്ച് കൊലപ്പെടുത്തിയെന്നാണ് കേസ്. 2022 സെപ്റ്റംബർ 16നായിരുന്നു ഇരട്ടക്കൊലപാതകം. ഒക്ടോബർ 11ന് മൂന്ന് പ്രതികളെയും അറസ്റ്റ് ചെയ്തു.

ക്രൂരതയിലൂടെയുള്ള ആനന്ദവും പണവുമായിരുന്നു ഷാഫിയുടെ ലക്ഷ്യം. സാമ്പത്തിക ഉന്നതിയും ഐശ്വര്യവുമായിരുന്നു മറ്റു രണ്ട് പ്രതികളും ലക്ഷ്യമിട്ടത്. നരബലി നടത്തണമെന്ന് നിർദേശിച്ചത് ഷാഫിയാണ്. പത്മയുടെയും റോസിലിയുടെയും മാംസം ഉരുളിയിൽ പാചകംചെയ്ത് പ്രതികൾ കഴിച്ചതായും കുറ്റപത്രത്തിലുണ്ട്.

## കരൂർ ദുരന്തം: ടിവികെ അധ്യക്ഷൻ വിജയിക്ക് വീണ്ടും സിബിഐ സമൻസ്

ചെന്നൈ: തമിഴക വെട്രി കഴകം അധ്യക്ഷനും നടനുമായ വിജയിയെ സിബിഐ വീണ്ടും ചോദ്യം ചെയ്യാൻ വിളിച്ചു. കരൂരിൽ നടന്ന തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് നിരവധിയാളുകൾ മരിച്ച സംഭവത്തിലാണ് അന്വേഷണത്തിൻറെ ഭാഗമായാണ് നടപടി. ചൊവ്വാഴ്ച ചെന്നൈയിലെ സിബിഐ ഓഫീസിൽ ഹാജരാകാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. കരൂരിലെ പൊതുയോഗത്തിനിടെയുണ്ടായ അപകടത്തിൽ മരണങ്ങളും പരിക്കുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.

## മത്സ്യമേഖലയിലെ മികവിന് ഷീജക്കും രമാദേവിക്കും സിഎംഎഫ്ആർഐയുടെ ആദരവ്

കൊച്ചി: മത്സ്യമേഖലയിൽ മികച്ച സംരംഭകരായി ശ്രദ്ധേയരായ തീരദേശ വനിതകളായ ഷീജ സിൽവിയെയും കെ എസ് രമാദേവി പ്രമോദിനെയും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ആദരിച്ചു.

സിഎംഎഫ്ആർഐയിൽ നടന്ന അന്താരാഷ്ട്ര വനിതാദിന പരിപാടിയിയിലാണ് അംഗീകാരപത്രം നൽകി ആദരിച്ചത്. കല്ലുമ്മക്കായ കൃഷിയിലൂടെയാണ് കൊല്ലം ജില്ലയിലെ തെക്കും ഭാഗം സെന്റ് സെബാസ്റ്റ്യൻ ഐലന്റിലെ ഷീജ സിൽവി നേട്ടമുണ്ടാക്കിയത്. എറണാകുളം ജില്ലയിലെ നായരമ്പലം സ്വദേശിയായ രമാദേവി അലങ്കാര മത്സ്യ കൃഷിയിലാണ് സംരംഭകയായി മികവ് തെളിയിച്ചത്.മത്സ്യമേഖലലയിലുള്ളവർക്ക് സാങ്കേതിക സഹായവും പരിശീലനവും നൽകുന്ന സിഎംഎഫ്ആർഐയുടെ എസ്.ടി.ഐ. (സയൻസ് ടെക്നോളജി ആന്റ് ഇന്നൊവേഷൻ) ഹബ് പദ്ധതിയുടെ ഗുണഭോക്താക്കളാണ് ഇരുവരും.

ഷീല കൊച്ചൗസേപ് ചിറ്റിലപ്പള്ളി മുഖ്യാതിഥിയായിരുന്നു. സാമ്പത്തിക സ്വാശ്രയത്വമാണ് സ്ത്രീശാക്തീകരണത്തിന്റെ അടിസ്ഥാനമെന്ന് അവർ പറഞ്ഞു. കഴിവുകൾ തിരിച്ചറിഞ്ഞ് ഇഷ്ടപ്പെട്ട മേഖലയിൽ ജോലി ചെയ്യാനും സംരംഭകരാകാനും സത്രീകൾ മുന്നോട്ട് വരണം. ഒഴിവ് സമയങ്ങളിലെ വിനോദമായി തുടങ്ങുന്ന ചെറിയ കാര്യങ്ങൾ ബിസിനസ് സംരംഭങ്ങളായി വികസിച്ച ്ധാരാളം അനുഭവങ്ങൾ ചുറ്റുമുണ്ട്. പ്രവർത്തന സജ്ജമാകാൻ തയ്യാറാകുന്നതോടെ ജീവിതത്തിൽ മാറ്റങ്ങളുണ്ടാകുമെന്നും അവർ പറഞ്ഞു.ഫിഷറീസ് സംരംഭക രംഗത്തെ അനുഭവങ്ങൾ ഷീജയും രമാദേവിയും പങ്കുവെച്ചു. ഡോ വിവിആർ സുരേഷ് അധ്യക്ഷത വഹിച്ചു. ഡോ സന്ധ്യ സുകുമാരൻ, സൗമ്യ സുരേന്ദ്രൻ എന്നിവർ സംസാരിച്ചു.



മത്സ്യമേഖലയിൽ മികച്ച സംരംഭകരായി കരുത്ത് തെളിയിച്ച ഷീജ സിൽവിയും കെ എസ് രമാദേവി പ്രമോദും സിഎംഎഫ്ആർഐയുടെ ആദരവ് ഏറ്റുവാങ്ങിയപ്പോൾ. (ഇടത്ത് നിന്ന്) ഷീജ സിൽവി, കെ എസ് രമാദേവി പ്രമോദ്, ഷീല കൊച്ചൗസേപ് ചിറ്റിലപ്പള്ളി, ഡോ വിവിആർ സുരേഷ്, ഡോ സന്ധ്യ സുകുമാരൻ, സൗമ്യ സുരേന്ദ്രൻ എന്നിവർ.





തൊഴിൽ കോഡുകളെക്കുറിച്ച് ജസ്റ്റിസ് വി. ഗോപാല ഗൗഡ സമിതി റിപ്പോർട്ട് മന്ത്രി വി ശിവൻകുട്ടി സ്വീകരിക്കുന്നു

# സിവിൽ സർവീസ് വിജയികൾക്ക് സർക്കാരിന്റെ ആദരം ഇന്ന്

2025ലെ സിവിൽ സർവീസ് പരീക്ഷയിൽ ഉന്നത വിജയം നേടിയ കേരളീയരായ വിദ്യാർത്ഥികളെ സംസ്ഥാന സർക്കാർ ഇന്ന് (മാർച്ച് 10) ആദരിക്കും. വൈകുന്നേരം 3.30ന് തിരുവനന്തപുരം ഹിൽട്ടൺ ഗാർഡൻ ഹോട്ടലിൽ നടക്കുന്ന ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു അധ്യക്ഷത വഹിക്കും. സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയുടെ കീഴിലുള്ള കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ ആഭിമുഖ്യത്തിലാണ് അനുമോദന പരിപാടി സംഘടിപ്പിക്കുന്നത്.

സിവിൽ സർവീസ് രംഗത്ത് കേരളത്തിന്റെ പ്രാതിനിധ്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി പ്രവർത്തിക്കുന്നതെന്ന് മന്ത്രി ഡോ. ആർ ബിന്ദു വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് വളരെ കുറഞ്ഞ ഫീസിൽ മികച്ച പരിശീലനം നൽകുന്നതിലൂടെ നിരവധി പേരെ സിവിൽ സർവീസ് മേഖലയിലെത്തിക്കാൻ അക്കാദമിക്ക് സാധിച്ചിട്ടുണ്ട്. അക്കാദമിയിൽ പഠിച്ച അഞ്ഞൂറോളം ഉദ്യോഗാർത്ഥികൾ ഇതിനകം സിവിൽ സർവീസ് നേടി വിവിധ മേഖലകളിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഈ വർഷം സിവിൽ സർവീസ് പരീക്ഷയിൽ വിജയിച്ചവരിൽ 47 മലയാളികൾ അക്കാദമിയിൽ നിന്ന് വിവിധ ഘട്ടങ്ങളിൽ പരിശീലനം നേടിയവരാണ്. 57-ാം റാങ്ക് നേടിയ ജെ.എസ്. ശ്രീജ അക്കാദമിയിൽ നിന്ന് ഇന്റർവ്യൂ പരിശീലനം നേടിയ വിദ്യാർത്ഥിയാണെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അക്കാദമിക്ക് പഠനകേന്ദ്രങ്ങളുണ്ട്. ഹൈസ്കൂൾ വിദ്യാർത്ഥികൾ മുതൽ ബിരുദധാരികൾക്ക് വരെ വിവിധ കോഴ്സുകൾ ഇവിടെ നൽകുന്നുണ്ട്. ഡൽഹിയിൽ നടക്കുന്ന സിവിൽ സർവീസ് ഇന്റർവ്യൂവിന് പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വിദഗ്ദ്ധ പാനലിന്റെ നേതൃത്വത്തിൽ പരിശീലനവും യാത്രാ-താമസ സൗകര്യങ്ങളും അക്കാദമി സൗജന്യമായി നൽകുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും ന്യൂനപക്ഷ, എസ്.സി-എസ്.ടി വിഭാഗങ്ങൾക്കുമുള്ള ഫീസ് ആനുകൂല്യങ്ങളും വിവിധ സ്കോളർഷിപ്പുകളും ലഭ്യമാണ്. കൂടാതെ കണ്ണൂർ ജില്ലയിലെ പിണറായി എജ്യുക്കേഷൻ ഹബ്ബിന്റെ ഭാഗമായി പുതിയ റെസിഡൻഷ്യൽ സിവിൽ സർവീസ് അക്കാദമി ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നതായി മന്ത്രി അറിയിച്ചു.

# 'മന്ത്രിയെ മോശം സാഹചര്യത്തിൽ കണ്ടു, ഫോട്ടോകളും കൈയിലുണ്ട്': ഗണേഷ് കുമാറിനെതിരേ തുറന്നടിച്ച് ഭാര്യ

തിരുവനന്തപുരം: മന്ത്രി കെ. ബി. ഗണേഷ് കുമാറിനെതിരെ ഗുരുതര ആരോപണവുമായി ഭാര്യ ബിന്ദു മേനോൻ. മന്ത്രിയെ വാളകത്തെ വീട്ടിൽ മോശം സാഹചര്യത്തിൽ കണ്ടുവെന്നും അതിൻറെ ഫോട്ടോകൾ കൈയിലുണ്ടെന്നും ബിന്ദു പറഞ്ഞു.

ശാസ്തമംഗലം കൗൺസിലറും മുൻ ഡിജിപിയുമായ ആർ. ശ്രീലേഖയുടെ നിർദേശ പ്രകാരമാണ് പോലീസ് സഹായം തേടിയതെന്നും ബിന്ദു മേനോൻ പറഞ്ഞു. മാധ്യമങ്ങളുടെ മുന്നിൽ തനിക്ക് എതിരെ ഗണേഷ് കുമാർ പറഞ്ഞതു കേട്ടിട്ടാണ് താൻ എല്ലാം തുറന്ന് പറയുന്നെതെന്നും ബിന്ദു ഒരു വാർത്താ ചാനലിനോടു വ്യക്തമാക്കി.

'മന്ത്രി ഗണേഷ് കുമാറിനെ വാളകത്തെ വീട്ടിൽ കണ്ടത് വളരെ മോശം സാഹചര്യത്തിലാണ്. ഇത് പറയാൻ പോലും പറ്റാത്ത കാര്യമാണ്. മന്ത്രിയുടെ ഫോട്ടോ അന്ന് എടുത്തിരുന്നു. ആ ഫോട്ടോകൾ എല്ലാം കൈയിൽ ഉണ്ട്. '-ബിന്ദു പറഞ്ഞു.

വാളകത്തെ വീട്ടിൽ വച്ച് വളരെ മോശമായ അനുഭവങ്ങളാണ് ഉണ്ടായത്. പുറത്തേക്ക് കടക്കാൻ ശ്രമിച്ചപ്പോൾ മന്ത്രിയുടെ സ്റ്റാഫ് തടഞ്ഞു. അന്ന് ഫോൺ പിടിച്ചു വാങ്ങാൻ ശ്രമിച്ചു. വീടിനു പുറത്തേക്ക് കടക്കാൻ ശ്രമിക്കാതെ വാതിൽ അടച്ചു. ബിജെപി കൗൺസിലറായ ശ്രീലേഖ തൻറെ ബന്ധുവാണെന്നും അവരുടെ നിർദേശ പ്രകാരമാണ് പോലീസ് സഹായം തേടിയതെന്നും ഭാര്യ ബിന്ദു മേനോൻ പറഞ്ഞു.

പോലീസിനെ വിളിച്ചതിന് പിന്നാലെ മന്ത്രിക്കൊപ്പം കണ്ട ആ സ്ത്രീയെ കാറിൽ കയറ്റി വിട്ടു. സ്ത്രീ പോയതിന് പിന്നാലെ മന്ത്രി മുറിയിൽ കയറി വാതിൽ അടക്കുകയും ചെയ്തു. തങ്ങൾക്ക് ഒന്നും ചെയ്യാനില്ലെന്ന് പറഞ്ഞ് പോലീസ് കയ്യൊഴിയുകയാണ് ചെയ്തത്. പ്രതികരിക്കേണ്ട എന്നാണ് ആദ്യം കരുതിയതെന്നും മാധ്യമങ്ങളിൽ മുന്നിൽ തനിക്ക് എതിരെ പറഞ്ഞത് കൊണ്ട് എല്ലാം തുറന്ന് പറയുകയാണെന്നും അവർ വ്യക്തമാക്കി. ആ ദിവസം സാറിന് തെറ്റ് പറ്റിപ്പോയി എന്ന് സ്റ്റാഫുകൾ പറഞ്ഞു. ക്ഷമിക്കാനും ആവശ്യപ്പെട്ടു. ഒത്തുതീർപ്പിനും ശ്രമമുണ്ടായി. മൊബൈൽ പിടിച്ചു വാങ്ങാൻ ശ്രമിച്ചത് സഹായിയായ ശാന്തൻ ആണ്. പ്രദീപ് ആണ് വാതിൽ അടച്ചത്. സഹായിയായ ശാന്തൻ ആണ് സ്ത്രീയെ കാറിൽ കയറ്റി കൊണ്ട് പോയത്. തനിക്ക് വട്ടെന്ന് പറഞ്ഞതു കൊണ്ട് മാത്രമാണ് വിശദീകരണം നടത്തുന്നത്. വീട്ടിൽ കണ്ടതിന് എല്ലാം തെളിവുകൾ ഉണ്ട്. മുഖ്യമന്ത്രിയുടെ മകളോടും ഇക്കാര്യം പറഞ്ഞിട്ടുണ്ടെന്നും നിയമ നടപടിക്ക് ഇല്ലെന്നും ബിന്ദു പറഞ്ഞു.

# പ്രണയമുണ്ട്, അത് കുറ്റമാണോ; വ്യക്തിപരമായ കാര്യങ്ങളിൽ ആരും ഇടപെടേണ്ടെന്ന് മന്ത്രി കെ. ബി. ഗണേഷ് കുമാർ

തിരുവനന്തപുരം: സാമൂഹിക മാധ്യമങ്ങളിൽ ഉയർന്ന ആരോപണങ്ങളിൽ മറുപടിയുമായി മന്ത്രി കെ. ബി. ഗണേഷ് കുമാർ. തെരഞ്ഞെടുപ്പ് കാലം അടുക്കുമ്പോൾ നടത്തുന്ന രാഷ്ട്രീയ മുതലെടുപ്പാണ് ഇതെന്നും ഇക്കാര്യങ്ങൾ കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന വിഷയമല്ലെന്നും ഗണേഷ് കുമാർ പറഞ്ഞു. മുൻപും ഇത്തരത്തിലുള്ള ആരോപണങ്ങൾ ഉയർന്നു വന്നിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. തനിക്കെതിരെ ഉയരുന്ന ആരോപണം ശരിയാണെങ്കിലും അല്ലെങ്കിലും അത് വ്യക്തിപരമായ കാര്യമാണെന്നും അതിൽ ആരും ഇടപെടേണ്ടെന്നും ഗണേഷ് കുമാർ പറഞ്ഞു. പ്രണയം ഒരു കുറ്റമല്ല. പ്രണയം എല്ലാവർക്കുമുണ്ട്. അത് ഇനിയും തുടരും. ഞാനൊരു മികച്ച പൊതു പ്രവർത്തകനാണ്. ഇന്നേവരെ അഴിമതി ചെയ്തിട്ടില്ല.

പത്തനാപുരത്തുകാർ ഇത് വിശ്വസിക്കില്ല. എൻറെ എക്സ്റേ അവർക്ക് അറിയാം. വീട്ടിലെ കാര്യം പറയണ്ടാ എന്ന് കരുതിയതാണ്. പക്ഷേ എനിക്ക് ഒന്നും മറയ്ക്കാനില്ല. വീട്ടിനുള്ളിൽ തന്നെ ശത്രുക്കൾ ഉണ്ട്. തൻറെ ഭാഗത്തു നിന്ന് മാന്യതയില്ലാത്ത പെരുമാറ്റം ഒരു സ്ത്രീക്കും ഉണ്ടായിട്ടില്ലെന്നും ഇനി ഉണ്ടാകില്ലെന്നും അദ്ദേഹം പറഞ്ഞു.

ബിജെപി കൗൺസിലർ ആർ. ശ്രീലേഖയ്ക്കെതിരെയും ഗണേഷ്കുമാർ പ്രതികരിച്ചു. തൻറെ വ്യക്തി ജീവിതത്തിൽ ഇടപെടാൻ ആർക്കും അവകാശമില്ലെന്നും ഇപ്പോൾ ഉയർന്ന ആരോപണങ്ങൾ തൻറെ ഭൂരിപക്ഷം കൂട്ടുമെന്നും അദ്ദേഹം പറഞ്ഞു.

വട്ട് മൂത്താൽ ആരും പരാതിപ്പെടും. എനിക്കും വേണമെങ്കിൽ പരാതിപ്പെടാം. ഇക്കാര്യത്തിൽ ഇടപെടാൻ ആർ. ശ്രീലേഖ ആരാണ് മേയർ സ്ഥാനം കിട്ടാത്തതിൻറെ കൊതിക്കെറുവാണ് അവർ തീർക്കുന്നതെന്നും ഗണേഷ് കുമാർ പറഞ്ഞു.

# എഴുപതിൻെറ ചെറുപ്പത്തിൽ ഡോ. ശശി തരൂർ; പകരം വയ്ക്കാനാവാത്ത പ്രതിഭ

മലയാളിക്കു വിശ്വപൗരൻ എന്നു പറഞ്ഞാൽ അത് ആരെന്ന കാര്യത്തിൽ സംശയമില്ല. ഡോ. ശശി തരൂർ. രാഷ്ട്രീയ നേതാവ്, ചിന്തകൻ, വാഗ്മി, എഴുത്തുകാരൻ, നയതന്ത്രജ്ഞൻ, മനുഷ്യാവകാശങ്ങൾ വേണ്ടി നിലകൊള്ളുന്ന ജനാധിപത്യവാദി തുടങ്ങി പറയാൻ വിശേഷണങ്ങൾ ഒട്ടേറെയുണ്ട് ഡോ. തരൂരിന്. തുടർച്ചയായി നാലാം തവണ തിരുവനന്തപുരത്തിൻറെ എംപിയായി റിക്കാർഡ് കുറിച്ച ഡോ. തരൂർ ഇന്ന് എഴുപതു വയസ് പൂർത്തിയാക്കുന്നു.

**ജന്മദിനാഘോഷം**

ഞായറാഴ്ച വൈകുന്നേരം ഡൽഹിയിലെ ഒരു ഫാം ഹൗസിൽ നടന്ന ജന്മദിനാഘോഷത്തിൽ സമൂഹത്തിൻറെ വ്യത്യസ്ത മേഖലയിലുള്ള തരൂരിൻറെ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും പങ്കെടുത്തു. ഇന്നു രാവിലെ പാർലമെൻറിലേക്കു പോയ തരൂരിന് ഉച്ചയ്ക്ക് ഡൽഹിയിലെ വിദേശ രാജ്യങ്ങളുടെ അംബാസഡർമാർ ഒരുക്കുന്ന വിരുന്നു സത്ക്കാരമുണ്ട്. വൈകുന്നേരം വസതിയിൽ സംഘടിപ്പിക്കുന്ന വിപുലമായ ജന്മദിന പാർട്ടിയിൽ പൗരപ്രമുഖരുടെ നീണ്ട നിര തന്നെയുണ്ടാകും.

ലണ്ടിൽ ജനിച്ച് മുംബൈയിലും കോൽക്കത്തയിലുമായി വളർന്ന് യുഎസിൽ ഉപരിപഠനം നടത്തിയ തരൂർ ഏറ്റവും കുറഞ്ഞ പ്രായത്തിൽ ഗവേഷണ ബിരുദം പൂർത്തിയാക്കി ആ പ്രായത്തിൽതന്നെ ശ്രദ്ധ പിടിച്ചു പറ്റി. ഡൽഹിയിലെ സെൻറ് സ്റ്റീഫൻസിൽനിന്നു ബിരുദ പഠനം പൂർത്തിയാക്കിയ തരൂർ അമേരിക്കയിൽ ടഫ്റ്റ്സ് സർവകലാശാലയിലെ ഫ്ളെച്ചർ സ്കൂൾ ഓഫ് ലോ ആൻഡ് ഡിപ്ലോമസിയിൽനിന്നു ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും നേടി.

**ഐക്യരാഷ്ട്ര സഭയിൽ**



ഐക്യരാഷ്ട്ര സംഘടനയിൽ ജോലിക്കു ചേർന്ന ശശി തരൂർ അവിടെ ഡപ്യൂട്ടി സെക്രട്ടറി ജനറൽ പദവി വരെ എത്തി. തുടർന്ന യുഎൻ സെക്രട്ടറി ജനറൽ പദവിയിലേക്കു മത്സരിച്ചു രണ്ടാമതെത്തി. അന്നു ജയിച്ചത് ബാൻ കി മൂൺ ആയിരുന്നു. മത്സരശേഷം യുഎൻ പദവി ഒഴിഞ്ഞു നാട്ടിലെത്തിയ തരൂർ കോൺഗ്രസിലൂടെ രാഷ്ട്രീയത്തിലെത്തി. മത്സരിക്കാൻ തെരഞ്ഞെടുത്തതു കേരളത്തിൻറെ തലസ്ഥാന മണ്ഡലമായിരുന്നു.

അന്ന് ഒരു ലക്ഷം വോട്ടിൻറെ ഭൂരിപക്ഷം നൽകി അനന്തപുരിക്കാർ തരൂരിനെ ഡൽഹിക്ക് അയച്ചു. ആ ഊഴത്തിൽ കേന്ദ്ര മന്ത്രിസഭയിൽ എത്തിയെങ്കിലും വിവാദങ്ങളെത്തുടർന്നു രാജിവയ്ക്കേണ്ടി വന്നു. തുടർന്നു മൂന്നു തവണ കൂടി തരൂർ തിരുവനന്തപുരത്തിൻറെ എംപി ആയി. വിവാദങ്ങൾ നിറയുന്പോഴും തരൂരിൻറെ ജനപ്രീതിയിൽ കാര്യമായ ഇടിവു തട്ടുന്നില്ല. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ രാജീവ് ചന്ദ്രശേഖർ കരുത്തനായി എതിരാളിയായി രംഗത്തു വന്നിട്ടും തിരുവനന്തപുരത്തുകാർ തരൂരിനെ കൈവിട്ടില്ല.

**ഉപയോഗപ്പെടുത്തിയോ**

യുഎന്നിൽ ഉന്നതപദവിയിലിരുന്ന തരൂരിനു ലോകത്തെ വിവിധ രാജ്യങ്ങളിലുള്ള രാഷ്ട്രീയ, സാമുഹ്യ മേഖലകളിലെ പ്രമുഖരുമായി ആഴത്തിലുള്ള ബന്ധമുണ്ട്. അദ്ദേഹത്തിൻറെ സൗഹൃദങ്ങൾ ലോകമെങ്ങും പടർന്നു പന്തലിച്ചു കിടക്കുന്നു.

അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും അദ്ദേഹത്തിൻറെ പ്രഭാഷണങ്ങൾ കേൾക്കാൻ ഇന്നും ആരാധകർ ഏറെയുണ്ട്. ലോകമെങ്ങുമുള്ള സാഹിത്യോത്സവങ്ങളിലും തരൂർ നിത്യസാന്നിധ്യമാണ്. ലോകപ്രശസ്തമായ ഹേ ഫെസ്റ്റിവൽ തിരുവനന്തപുരത്തു കൊണ്ടുവന്നതു തരൂർ ആയിരുന്നു.

ബാഴ്സലോണ നഗരവുമായി ബന്ധം സ്ഥാപിക്കാനുള്ള തരൂരിൻറെ നീക്കം ഫലവത്താകേണ്ടതായിരുന്നു. എന്നാൽ, രാഷ്ട്രീയമായ കാരണങ്ങളാൽ അന്നു കേരളം ഭരിച്ചവർ അത് അനുവദിച്ചില്ല. ഫുട്ബോൾ, നഗരാസൂത്രണം തുടങ്ങി നിരവധി മേഖലകളിൽ ബാഴ്സലോണയുടെ അനുഭവസന്പത്തും മികവും നമുക്കു ഗുണകരമാക്കാമായിരുന്നു. ഡോ. ശശി തരൂർ എന്ന വിശ്വപൗരനെ ഉപയോഗപ്പെടുത്താൻ നമുക്കു കഴിഞ്ഞില്ല എന്നതാണു വസ്തുത.

**വിവാദങ്ങൾ പിന്നാലെ**

ലോകമെങ്ങും ഇത്ര അറിയപ്പെട്ട മലയാളികൾ അധികമുണ്ടായിട്ടില്ല. മൂർച്ചയേറിയെ നാവിനും സുന്ദരമായ ഇംഗ്ലീഷ് ഭാഷയ്ക്കും ഉടമയായ ഡോ. തരൂർ നിരന്തരമായി വിവാദങ്ങളിൽ ചെന്നുചാടും. ചിലത് ഈ നാട്ടിലെ നാട്ടുനടപ്പിനെക്കുറിച്ചു പരിചയമില്ലാതെ സംഭവിച്ചതാകും. ചിലതെല്ലാം അറിഞ്ഞു കൊണ്ടു സംഭവിക്കുന്നതുമാകും. അപ്പോഴും തരൂരിൻറെ ന്യായവാദങ്ങളെ എതിർത്തു തോൽപ്പിക്കാൻ നമുക്കു സാധിക്കില്ല. അതാണു വാദമുഖങ്ങൾ അവതരിപ്പിക്കാൻ തരൂരിനുള്ള മികവും കഴിവും.

അദ്ദേഹത്തിൻറെ പ്രഭാഷണങ്ങൾ ലോകശ്രദ്ധ ആകർഷിക്കാറുണ്ട്. അന്താരാഷ്ട്ര ബന്ധങ്ങളെക്കുറിച്ചും നയതന്ത്രത്തെക്കുറിച്ചും എഴുതുകയും സംസാരിക്കുകയും ചെയ്യുന്പോഴും ഇന്ത്യയുടെ രാഷ്ട്രീയം, സംസ്കാരം, ചരിത്രം എന്നിവയിൽ അദ്ദേഹം അതീവ താത്പര്യം പ്രകടിപ്പിക്കുന്നു.

**ഉജ്വല പ്രഭാഷണങ്ങൾ**

അദ്ദേഹത്തിൻറെ മാസ്റ്റർ പീസുകളായി ദ ഗ്രേറ്റ് ഇന്ത്യൻ നോവൽ, ആൻ ഈറ ഓഫ് ഡാർക്ക്നെസ്, വൈ ഐ ആം എ ഹിന്ദു എന്നിവയൊക്കെ അദ്ദേഹത്തിൻറെ വിജ്ഞാനത്തെയും ഉൾക്കാഴ്ചയെയും അടയാളപ്പെടുത്തുന്നു.

ഓക്സ്ഫഡ് സർവകലാശാലയിലെ ഡിബേറ്റിൽ പങ്കെടുത്ത് ബ്രിട്ടൺ നൂറ്റാണ്ടുകളിലൂടെ ഇന്ത്യയെ ചൂഷണം ചെയ്തതിൻറെ ഉദാഹരണങ്ങൾ ഉയർത്തി നഷ്ടപരിഹാരം തേടിക്കൊണ്ടുള്ള അദ്ദേഹത്തിൻറെ പ്രഭാഷണം കേട്ട് കോൾമയിർ കൊള്ളാത്ത ഇന്ത്യക്കാരനുണ്ടാകില്ലല്ലോ.

# സ്പോട്ട് അഡ്മിഷൻ: വീഡിയോ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സ്

കേരള മീഡിയ അക്കാദമി കൊച്ചി സെന്ററിൽ ആരംഭിക്കുന്ന വീഡിയോ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിൽ ഒഴിവുള്ള എതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിദ്യാഭ്യാസ യോഗ്യത-പ്ലസ് ടു. ആറ് മാസമാണ് കോഴ്സിന്റെ കാലാവധി. തിങ്കൾ മുതൽ വെള്ളി വരെ റെഗുലർ ക്ലാസ് ആണ്.

താത്പര്യമുള്ളവർ മാർച്ച് 15 നു മുൻപ് യോഗ്യത സർട്ടിഫിക്കറ്റുകൾ (എസ്എസ്എൽസി, പ്ലസ് ടു) ആധാർ കാർഡ്, ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ അസലും പകർപ്പും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം എറണാകുളം കാക്കനാടുള്ള കേരള മീഡിയ അക്കാദമി ആസ്ഥാനത്ത് നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ - 0484 2422275, 9447607073.



ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ വിന്റർ സ്കൂൾ ഉദ്ഘാടനം ചെയ്യുന്നു. ഡോ. എം കെ സജീവൻ, ഡോ. അനു ഗോപിനാഥ്, ഡോ. എ ബിജുകുമാർ, ഡോ. രാജീവ് രാഘവൻ, ഡോ. കെ ദിനേശ്, ഡോ രഞ്ജീത് എന്നിവർ സമീപം.



സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയുടെ സബ്സെന്റർ കരിയർ എൻജിനീയറിംഗ് കോളേജിൽ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദുവിന്റെ സാന്നിധ്യത്തിൽ സിസിഇകെ. ഡയറക്ടർ ഇഷിതാ റോയി കോളേജ് പ്രിൻസിപ്പൽ അബ്ദുൾ നാസറിന് കൈമാറുന്നു



ചലനപരിമിതി നേരിടുന്നവർക്ക് സഞ്ചാരസ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനായി ശുഭയാത്രാ പദ്ധതിയിലൂടെ വിതരണം ചെയ്യുന്ന 1800 സൈഡ് വീൽ സ്കൂട്ടറുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം സെൻട്രൽ സ്റ്റേഡിയത്തിൽ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവഹിക്കുന്നു.

# ഡോ. കെ. എൻ പണിക്കറുടെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ അനുശോചനം

യഥാർത്ഥ മനുഷ്യനെ അടയാളപ്പെടുത്തുന്ന ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ ചരിത്രബോധത്തിന്റെ കാവൽക്കാരനായി നിലകൊണ്ട സാംസ്കാരിക നായകനായിരുന്നു ഡോ. കെ. എൻ പണിക്കർ. ഇന്ത്യയുടെ ബഹുസ്വരത, ചരിത്രത്തിന്റെ നാൾവഴികളിലൂടെ രൂപപ്പെട്ടു വന്നതാണെന്നും അതിന്റെ തകർച്ച ഇന്ത്യയുടെ തന്നെ തകർച്ചയ്ക്ക് വഴിവെക്കുമെന്നും എഴുത്തിലൂടെയും പ്രസംഗത്തിലൂടെയും അധ്യാപനത്തിലൂടെയും നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു അദ്ദേഹം.

ഇതാകട്ടെ ഇന്ത്യൻ മതനിരപേക്ഷതയെ വർഗീയതയുടെ കരിമേഘങ്ങൾ മൂടിയ ഘട്ടങ്ങളിലെല്ലാം സമൂഹ മനസ്സിലേക്ക് പടർത്തിയ വെളിച്ചമായി. ഇന്ത്യ എന്താണ് എന്നത് പഠിച്ച് പുതിയ തലമുറയ്ക്ക് മുൻപിൽ അവതരിപ്പിക്കുകയും വക്രീകരണങ്ങൾക്കെതിരെ അവരെ ജാഗ്രതപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു അദ്ദേഹം.

ചരിത്രപരമായ ഭൗതികവാദത്തിന്റെ ഉപകരണങ്ങൾ ഉപയോഗിച്ച് സാംസ്കാരിക പഠനങ്ങൾ നടത്തുന്നതിൽ ഡി ഡി കൊസാംബിയുടെയും ദേബി പ്രസാദ് ചതോപാധ്യായയുടെയും വഴിയിലൂടെയാണ് അദ്ദേഹം സഞ്ചരിച്ചത്. ആ ചരിത്ര, സാംസ്കാരിക പഠനങ്ങൾ ഇന്ത്യയെ വർഗീയവൽക്കരിക്കാനുള്ള ശ്രമങ്ങളെ ഇഞ്ചോടിഞ്ച് നേരിട്ട് നിന്ന് എതിർത്ത് പോരാടുകയും ചെയ്തു. അതുകൊണ്ടുതന്നെ ഇന്ത്യൻ കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് പോലുള്ള ചരിത്ര പഠന സ്ഥാപനങ്ങളിൽ നിന്നും അദ്ദേഹവും അദ്ദേഹത്തിന്റെ ചരിത്ര പഠന പദ്ധതികളും പുറത്താവുന്ന സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. ചരിത്ര വസ്തുതകളെ ഐതിഹ്യങ്ങൾ കൊണ്ടും മിത്തുകൾ കൊണ്ടും ഊഹാപോഹങ്ങൾ കൊണ്ടും പകരം വെച്ച് ചാതുർവർണ്യക്രമത്തെ അതിന്റെ എല്ലാ ജീർണ്ണതകളോടും കൂടി പുനരുജീവിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് എതിരായ നിരന്തര പോരാട്ടമായിരുന്നു കെ എൻ പണിക്കരുടെ ജീവിതം.

അന്താരാഷ്ട്ര രംഗത്തെ തലയെടുപ്പോടെ ഉയർന്നു നിന്ന പ്രശസ്ത ചരിത്രകാരന്മാരുടെ നിരയിലാണ് അദ്ദേഹത്തിന്റെ സ്ഥാനം. മലബാർ കലാപത്തെ അതിന്റെ യഥാർത്ഥ ചരിത്ര പശ്ചാത്തലത്തിൽ പ്രതിഷ്ഠിച്ച് അതിലെ സ്വാതന്ത്ര്യ സമര കാർഷിക കലാപ സാമ്രാജ്യത്വവിരുദ്ധ വശങ്ങളെ ഉയർത്തിക്കാട്ടുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് ചരിത്രപരമായ പ്രാധാന്യമുള്ളതാണ്.

ദേശീയ സ്വാതന്ത്ര്യസമര ചരിത്രത്തിൽ നിന്ന് പുന്നപ്ര വയലാർ മുതൽ കയ്യൂർ സംഭവം വരെയുള്ള കാര്യങ്ങളെ പുറത്താക്കാൻ ബിജെപി നേതൃത്വത്തിലുള്ള സർക്കാർ നടത്തിയ ഇടപെടലുകളെ ചെറുക്കുന്നതിലും സിലബസുകളെ അടക്കം വർഗീയവൽക്കരിക്കുന്നതിനെതിരെ പോരാടുന്നതിലും സാംസ്കാരിക രംഗത്തെ കാവിവൽക്കരണത്തെ എതിർക്കുന്നതിലും അദ്ദേഹം വഹിച്ച പങ്ക് നേതൃത്വപരമായിരുന്നു.

കാലടി സംസ്കൃത സർവകലാശാല വൈസ് ചാൻസിലർ, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി പ്രൊഫസർ എന്നീ ഔന്നത്യമുള്ള പദവികളിൽ വിരാജിച്ചിരുന്ന അദ്ദേഹം ദില്ലിയിലെ സാംസ്കാരിക രംഗത്ത് മുൻനിരയിൽ ഉണ്ടായിരുന്നു. എന്നും ഇടതുപക്ഷ രാഷ്ട്രീയത്തോട് ചേർന്ന് നിന്ന അദ്ദേഹത്തിന്റെ വിയോഗം ഇന്ത്യൻ മതനിരപേക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് ആകെ നികത്താൻ ആകാത്ത നഷ്ടമാണ്. അദ്ദേഹത്തിന്റെ വേർപാടിൽ അനുശോചനവും ദുഃഖവും രേഖപ്പെടുത്തുന്നു.

# ലൈംഗികാതിക്രമ കേസ്; സംവിധായകൻ ചിദംബരത്തിന് മുൻകൂർ ജാമ്യം

കൊച്ചി: ലൈംഗികാതിക്രമ കേസിൽ മഞ്ഞുമ്മൽ ബോയ്സ് സംവിധായകൻ ചിദംബരത്തിന് മുൻകൂർ ജാമ്യം അനുവദിച്ച് കോടതി. എറണാകുളം സെഷൻസ് കോടതിയാണ് മുൻകൂർ ജാമ്യം അനുവദിച്ചത്. എറണാകുളം ടൗൺ സൗത്ത് പോലീസ് രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസിലാണ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരിക്കുന്നത്.

സെഷൻസ് ജഡ്ജി കെ. കെ. ബാലകൃഷ്ണൻ ആണ് മുൻകൂർ ജാമ്യം അനുവദിച്ച് ഉത്തരവിട്ടത്. സ്ത്രീയുടെ മാനത്തെ അപമാനിക്കാനുള്ള ഉദ്ദേശത്തോടെയുള്ള ആക്രമണം, സ്ത്രീകളെ മോശമായി സ്പർശിക്കൽ എന്നീ രണ്ട് കുറ്റങ്ങളാണ് സംവിധായകനെതിരെ ചുമത്തിയിരിക്കുന്നത്.

ഫ്ളാറ്റിൽ അതിക്രമിച്ചു കയറി ലൈംഗികാതിക്രമം നടത്തിയെന്ന പരാതിയുമായാണ് യുവതി സൗത്ത് പോലീസിനെ സമീപിച്ചത്. മൊഴി രേഖപ്പെടുത്തിയ ശേഷം പോലീസ് ചിദംബരത്തിനെതിരെ കേസെടുക്കുകയായിരുന്നു.

2022 ൽ എളംകുളത്തെ തൻറെ ഫ്ളാറ്റിൽ ചിദംബരം അതിക്രമിച്ചു കടന്ന ശേഷം ലൈംഗിക അതിക്രമം നടത്തിയെന്നാണ് യുവതിയുടെ പരാതി.

നാലു വർഷം മുമ്പ് നടന്ന സംഭവമായതിനാൽ മൊഴി വിശദമായി പരിശോധിച്ച് വസ്തുതകൾ വിലയിരുത്തിയ ശേഷമാകും തുടർ നടപടികളെന്ന് പോലീസ് അറിയിച്ചിരുന്നു. പരാതിക്കാരിയായ യുവതി രണ്ടു വർഷം മുമ്പ് സോഷ്യൽ മീഡിയയിലൂടെ ചിദംബരത്തിനെതിരെ സമാന ആരോപണം ഉന്നയിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ചിദംബരം മാനനഷ്ടക്കേസും നൽകിയിരുന്നു.

ഈ കേസിൽ നിന്ന് പിൻമാറാത്തതിനെ തുടർന്നുള്ള പ്രകോപനമാണ് പുതിയ പരാതിക്ക് പിന്നിലെന്നാണ് ചിദംബരത്തോട് അടുത്തവൃത്തങ്ങൾ അനൗദ്യോഗികമായി നൽകുന്ന വിശദീകരണം.

# മുഖ്യമന്ത്രിയുടെ പ്രതിഭ പുരസ്ക്കാര വിതരണം ഇന്ന്

മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാര വിതരണം മാർച്ച് 10 വൈകുന്നേരം 4.30ന് തിരുവനന്തപുരം വഴുതക്കാട് സർക്കാർ വനിതാ കോളേജ് ഓഡിറ്റോറിയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു നിർവഹിക്കും.

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ നിന്നും പഠിച്ചിറങ്ങിയ 2000 വിദ്യാർത്ഥികൾക്കാണ് പുരസ്കാരം നൽകുന്നത്. 2022–23, 2023–24 അധ്യയന വർഷങ്ങളിൽ വിവിധ വിഷയങ്ങളിൽ ബിരുദ പഠനത്തിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ പ്രതിഭകളെയാണ് പുരസ്കാരത്തിന് തിരഞ്ഞെടുത്തത്.

ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തി പത്രവുമാണ് പുരസ്കാരമായി നൽകുന്നത്. ഇന്ത്യയിൽ തന്നെ നൽകുന്ന ഏറ്റവും ഉയർന്ന സ്കോളർഷിപ്പ് തുകയാണിതെന്ന് മന്ത്രി ഡോ ആർ ബിന്ദു വാർത്താസമ്മേളനത്തിൽ അറിയിച്ചു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും സാമൂഹ്യമായി അരികുവൽക്കരിക്കപ്പെട്ടവരുമായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. കുടുംബത്തിന്റെ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയുള്ള കുട്ടികളെയാണ് അവാർഡിനായി പരിഗണിക്കുന്നത്. ഓരോ വർഷവും ഇത്തരത്തിൽ ആയിരം വിദ്യാർത്ഥികൾക്കാണ് മുഖ്യമന്ത്രിയുടെ പ്രതിഭാ പുരസ്ക്കാരം നൽകുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മ നേടിയെടുക്കുന്നതിനൊപ്പം സാമൂഹ്യനീതി ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒരു വിദ്യാർത്ഥിയുടെയും പഠനത്തിന് തടസ്സമാകാൻ പാടില്ല എന്ന സർക്കാരിന്റെ ഉറച്ച തീരുമാനമാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

# ഇറാനിയൻ യുദ്ധക്കപ്പലുകൾ സഹായം അഭ്യർഥിച്ചിരുന്നു: എസ്. ജയശങ്കർ

ന്യൂഡൽഹി: പശ്ചിമേഷ്യയിൽ യുദ്ധസമാനമായ സാഹചര്യം നിലനിൽക്കെ, ഇറാനിയൻ യുദ്ധക്കപ്പലുകൾ സഹായം തേടിയിരുന്നതായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഫെബ്രുവരി 28–നാണ് മേഖലയിലുള്ള തങ്ങളുടെ മൂന്ന് കപ്പലുകൾക്ക് ഇന്ത്യൻ തുറമുഖങ്ങളിൽ അടുക്കാൻ അനുമതി വേണമെന്ന് ഇറാൻ ആവശ്യപ്പെട്ടത്.നയതന്ത്രപരമായ ചർച്ചകൾക്ക് ശേഷം മാർച്ച് ഒന്നിന് ഇന്ത്യ ഇതിന് അനുമതി നൽകി. തുടർന്ന് മാർച്ച് 4–ന് 'ഐആർഐഎസ് ലവാൻ' കൊച്ചിയിൽ എത്തിച്ചേർന്നു. കപ്പലിലെ ജീവനക്കാർ നിലവിൽ ഇന്ത്യൻ നാവികസേനയുടെ സംരക്ഷണത്തിലാണ്. അവർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ടെന്നും വിദേശകാര്യ മന്ത്രി പാർലമെൻറിൽ പറഞ്ഞു. ഇന്ത്യയുടെ ആതിഥേയത്വത്തിൽ നടന്ന 'മിലാൻ –2026' നാവിക അഭ്യാസത്തിൽ പങ്കെടുത്തു മടങ്ങുമ്പോഴാണ് ശ്രീലങ്കൻ തീരത്ത് ഇറാനിയൻ യുദ്ധക്കപ്പലായ ഐആർഐഎസ് ദേന ആക്രമിക്കപ്പെട്ടത്. അപകട സാഹചര്യത്തെ തുടർന്ന് നാവിക അഭ്യാസത്തിൽ പങ്കെടുക്കാനെത്തിയ രണ്ടാമത്തെ ഇറാനിയൻ യുദ്ധക്കപ്പൽ ശ്രീലങ്കൻ തീരത്തും മൂന്നാമത്തെ യുദ്ധക്കപ്പൽ കൊച്ചി തീരത്തുമാണ് അടുപ്പിച്ചത്.

# സി.സി.ഇ.കെ യിൽ പുതിയ സ്കിൽ കോഴ്സുകൾ

പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയുടെ നേതൃത്വത്തിൽ മൂന്ന് നൂതന സ്കിൽ കോഴ്സുകൾ ആരംഭിക്കുന്നതായി ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ഗ്രീൻ എനർജി ആൻഡ് സസ്റ്റൈനബിലിറ്റി – സോളാർ ആൻഡ് വിൻഡ് പവർ ടെക്നീഷ്യൻ, ജറിയാട്രിക് ആൻഡ് പാലിയേറ്റീവ് കെയർ, എ.ഐ ആൻഡ് ജനറേറ്റീവ് എ.ഐ എന്നീ സ്കിൽ കോഴ്സുകളിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാമുകളും, ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകളുമാണ് തുടങ്ങുന്നത്. ഗ്രീൻ എനർജി കോഴ്സിന് ടിയുവി റെയിൻലാൻഡ്, ജറിയാട്രിക് കെയർ കോഴ്സിന് പാലിയം ഇന്ത്യ, എ.ഐ കോഴ്സിന് എഡ്യുനെറ്റ് ഫൗണ്ടേഷൻ എന്നിവയാണ് സാങ്കേതിക പരിശീലനം നൽകുന്നത്. കഴക്കൂട്ടം മരിയൻ എഞ്ചിനീയറിംഗ് കോളേജിലാണ് ഈ കോഴ്സുകൾക്ക് ആദ്യമായി തുടക്കം കുറിക്കുന്നതെന്നും മന്ത്രി അറിയിച്ചു.

# കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ 2024, 2025 വർഷങ്ങളിലെ കടമ്മനിട്ട പുരസ്കാരത്തിന് നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ 2024, 2025 വർഷങ്ങളിലെ സാഹിത്യ പുരസ്കാരമായ കടമ്മനിട്ട പുരസ്ക്കാരത്തിന് നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. 2024 ലെ പുരസ്ക്കാരം 'ചെറുകഥ' വിഭാഗത്തിനും, 2025 ലെ പുരസ്ക്കാരം 'നിരൂപണ' വിഭാഗത്തിനും നൽകുവാനാണ് കൗൺസിൽ തീരുമാനം. ചെറുകഥാ വിഭാഗത്തിൽ 2020 ജനുവരി മുതൽ 2024 ഡിസംബർ വരെ 5 വർഷത്തിനുള്ളിൽ പ്രസിദ്ധീകരിച്ച കൃതികളും, നിരൂപണ വിഭാഗത്തിൽ 2021 ജനുവരി മുതൽ 2025 ഡിസംബർ വരെ 5 വർഷങ്ങൾക്കുള്ളിൽ പ്രസിദ്ധീകരിച്ച കൃതികളുമാണ് പരിഗണിക്കുക. 75,000 രൂപയും, പ്രശസ്തി പത്രവും, വെങ്കല ശില്പവും അടങ്ങുന്നതാണ് പുരസ്ക്കാരം. എഴുത്തുകാർ വായനക്കാർ തുടങ്ങിയവർക്ക് കൃതികളുടെ പേര് നിർദ്ദേശിക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന 5 ചെറുകഥകൾ/നിരൂപണ കൃതികൾ പുരസ്ക്കാര സമിതിയുടെ വിലയിരുത്തലിനായി സമർപ്പിക്കും. നിർദ്ദേശങ്ങൾ തപാലിലോ ഇ–മെയിലിലോ അയക്കാം. ലഭിക്കേണ്ട അവസാന തീയതി മാർച്ച് 31.

# പൗരബോധമുള്ള വിദ്യാർത്ഥികളെ ആദരിക്കും: മന്ത്രി വി. ശിവൻകുട്ടി

പൗരബോധവും സാമൂഹിക ഉത്തരവാദിത്വവും പുലർത്തുന്ന വിദ്യാർത്ഥികളെ സർക്കാർ ആദരിക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി. വിദ്യാർത്ഥികളെ ഉത്തരവാദിത്വമുള്ള മികച്ച പൗരന്മാരാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച ചുവട് 2026' പദ്ധതിയുടെ പ്രഖ്യാപനവും, പരിഷ്കരിച്ച ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒന്നാം വർഷ പാഠപുസ്തകങ്ങൾ, സ്കൂളുകളുടെ സുരക്ഷ മാന്വൽ എന്നിവയുടെ പ്രകാശനവും തിരുവനന്തപുരം ശിക്ഷക് സദനിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

കുട്ടികളിൽ സാമൂഹ്യ അവബോധം, സഹാനുഭൂതി, ഭരണഘടനയോടുള്ള കൂറ്, മുതിർന്നവരോടുള്ള ബഹുമാനം, സഹവിദ്യാർത്ഥികളോടുള്ള സഹകരണം, പരിസ്ഥിതി ബോധം, എന്നിവ വളർത്തുകയാണ് ചുവട് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ലഹരി വിപത്തിനെതിരെ പോരാടാൻ കുട്ടികളെ സജ്ജമാക്കുന്നതിലും പദ്ധതി സഹായകരമാകും. പാഠപുസ്തകത്തിനപ്പുറം അടിസ്ഥാന ജീവിതനൈപ്പുണികളെക്കുറിച്ചുള്ള പാഠങ്ങൾ വിദ്യാർത്ഥികൾക്ക് നൽകും. പദ്ധതിയുടെ ഭാഗമായി പ്രത്യേക പരീക്ഷകൾ ഉണ്ടായിരിക്കില്ല. പകരം കുട്ടികളുടെ ജീവിത രീതിയിലും പെരുമാറ്റത്തിലുമുണ്ടാകുന്ന മാറ്റങ്ങളാണ് വിലയിരുത്തുകയെന്നും മന്ത്രി അറിയിച്ചു.

കഴിഞ്ഞ പതിനഞ്ച് വർഷമായി മാറ്റമില്ലാതെ തുടരുന്ന പാഠ്യപദ്ധതിയിലാണ് ഇപ്പോൾ കാലോചിതമായ പരിഷ്കാരം കൊണ്ടുവന്നത്. സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകാരം നൽകിയ 41 ടൈറ്റിൽ പാഠപുസ്തകങ്ങളാണ് പുറത്തിറക്കിയത്.

ഏകദേശം 20 ലക്ഷത്തോളം പുതിയ പുസ്തകങ്ങൾ അച്ചടിച്ച് വിതരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്. അടുത്ത അധ്യയന വർഷം മുതൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ഇവ ലഭ്യമാക്കും. കമ്പ്യൂട്ടർ സയൻസ്, ഗാന്ധിയൻ സ്റ്റഡീസ്, ഇലക്ട്രോണിക്സ് തുടങ്ങിയ വിഷയങ്ങൾ പുതുക്കിയ പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ചരിത്രത്തെ മുറിവേൽപ്പിക്കാൻ അനുവദിക്കില്ലെന്നതാണ് കേരളത്തിന്റെ നിലപാടെന്നും യഥാർത്ഥ ചരിത്രം കുട്ടികൾ പഠിക്കേണ്ടതാണെന്നും മന്ത്രി വ്യക്തമാക്കി.

കേന്ദ്ര സർക്കാരിന്റെ പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതില്ലെന്നാണ് സർക്കാർ തീരുമാനം. ഇതിലൂടെ സമഗ്ര ശിക്ഷാ കേരള വഴി ലഭിക്കേണ്ട ധനസഹായത്തിൽ കുറവ് ഉണ്ടാകാൻ സാധ്യതയുണ്ടെങ്കിലും സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരളം ഇതിനകം തന്നെ 5000 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ക്രമസമാധാനം, ജനാധിപത്യം, മതേതരത്വം എന്നിവ സംരക്ഷിക്കുന്ന കാര്യത്തിൽ കേരളം രാജ്യത്ത് ഒന്നാമതാണെന്നും മന്ത്രി പറഞ്ഞു. വിദ്യാഭ്യാസ മേഖലയിലെ ഇത്തരം മികച്ച പരിഷ്ക്കാരങ്ങൾക്ക് നേതൃത്വം നൽകിയ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരേയും അധ്യാപകരേയും മന്ത്രി അഭിനന്ദിച്ചു.

ഗോത്രവിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി എസ് സി ഇ ആർ ടി കേരള കലാമണ്ഡലവുമായി ചേർന്ന് നടപ്പിലാക്കിയ പഠന പ്രവർത്തനത്തെ ആധാരമാക്കിയുള്ള 'ഗോത്രായനം' ഡോക്യുമെന്ററി ചിത്രം, ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി എസ് സി ഇ ആർ ടി നിർമ്മിച്ച 'പുഞ്ചിരി', 'തുടരുന്ന നൻമകൾ' എന്നീ ഹ്രസ്വചിത്രങ്ങളുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി കെ വാസുകി അധ്യക്ഷത വഹിച്ച ചടങ്ങിൽ അഡിഷണൽ സെക്രട്ടറി ചിത്ര, ഡയറക്ടർ എൻ എസ് കെ ഉമേഷ്, എസ് സി ഇ ആർ ടി കേരളം ഡയറക്ടർ ഡോ ജയപ്രകാശ് ആർ കെ, സമഗ്ര ശിക്ഷ കേരളം അഡിഷണൽ പ്രോജക്റ്റ് ഡയറക്ടർ എം കെ ഷൈൻമോൻ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.



"ചുവട് 2026" - പരിഷ്കരിച്ച ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ഒന്നാം വർഷ പാഠപുസ്തകങ്ങളുടെയും സുരക്ഷാ മാന്വലിന്റെയും പ്രകാശനം മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഭാവിയിൽ ലോകം ശ്രദ്ധിക്കുന്ന മാതൃകയായി സുശക്തി മിഷൻ മാറും: മുഖ്യമന്ത്രി




സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി ആരംഭിച്ച സുശക്തി സ്വയംസഹായ സംഘങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു.

മൂന്നു പതിറ്റാണ്ടുകൾക്കു മുൻപ് തുടക്കമിട്ട കുടുംബശ്രീ പോലെ ഭാവിയിൽ ലോകം ശ്രദ്ധിക്കുന്ന മാതൃകയായി സുശക്തി മിഷൻ മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഭിന്നശേഷിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സമഗ്ര പുനരധിവാസം ലക്ഷ്യമിട്ടുള്ള പദ്ധതി എന്ന രൂപത്തിലാണ് ഇത് നടപ്പിലാക്കുകയെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി ആരംഭിച്ച സുശക്തി സ്വയം സഹായ സംഘങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം സെൻട്രൽ സ്റ്റേഡിയത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും വിവിധ ഏജൻസികളുടെയും ക്ഷേമപദ്ധതികളെയും തൊഴിൽ പദ്ധതികളെയും യോജിപ്പിച്ചുകൊണ്ടാണ് സുശക്തി നടപ്പാക്കുന്നത്. ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതോടൊപ്പം അവയുടെ ഗുണമേന്മ ഉറപ്പുവരുന്നതിനും പുതിയ വിപണി സാധ്യതകൾ കണ്ടെത്തുന്നതിനും ബ്രാൻഡിംഗിനും സഹായം നൽകും. ശാരീരികമോ മാനസികമോ ബൗദ്ധികമോ ആയ വെല്ലുവിളികൾ നേരിടുന്ന ഏതൊരാൾക്കും മിഷനിൽ അംഗമാകാം.10 മുതൽ 20 വരെ വ്യക്തികൾ അടങ്ങുന്ന യൂണിറ്റുകളായാണ് പ്രവർത്തനം. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ലോക്കൽ ഡെവലപ്മെന്റ് സൊസൈറ്റികളും ജില്ലാതല ഏകോപന സംവിധാനങ്ങളും ഇതിനുണ്ട്. അംഗങ്ങൾക്കിടയിൽ സമ്പാദ്യശീലം വളർത്തുന്നതിനൊപ്പം സംരംഭങ്ങൾക്കായി വായ്പകളും ലഭ്യമാക്കും. ഭിന്നശേഷിക്കാരോടുള്ള വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിന് സാമൂഹിക ബോധവൽക്കരണ പരിപാടികളും സുശക്തി മിഷൻ ഏറ്റെടുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സർക്കാർ നിരവധി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഭിന്നശേഷി കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക കോടതികൾ രൂപീകരിച്ച് പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിച്ചു. എല്ലാ ജില്ലകളിലും സേവനങ്ങൾ ലഭ്യമാക്കാൻ കമ്മിറ്റികൾ രൂപീകരിച്ചു. സർക്കാർ തലത്തിൽ 1458 തസ്തികകളിൽ റിക്രൂട്ട്മെന്റ് നടത്തി. സർക്കാർ ജോലികളിൽ 4ശതമാനം സംവരണവും ഉന്നത വിദ്യാഭ്യാസ മേഖലയിൽ 5 ശതമാനം സംവരണവും ഉറപ്പാക്കി. ബാരിയർ ഫ്രീ കേരള പദ്ധതിയിലൂടെ പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി. ഭിന്നശേഷിക്കാരായ കുട്ടികളുടെ കുടുംബങ്ങൾക്ക് ഒരുമിച്ച് താമസിക്കാവുന്ന മാതൃകാ അസിസ്റ്റഡ് ലിവിങ് കേന്ദ്രങ്ങൾക്ക് തുടക്കമിട്ടു. സമഗ്ര അവകാശങ്ങളെ അടിസ്ഥാനമാക്കി സേവനങ്ങൾ നടപ്പിലാക്കാൻ അനുയാത്ര പദ്ധതി ആരംഭിച്ചു. ഭിന്നശേഷി കുട്ടികളുടെ അമ്മമാർക്ക് സ്വയംതൊഴിൽ സഹായവും നൽകിവരുന്നു. ഇപ്രകാരം ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും സർക്കാരും പൊതുസമൂഹവും അവർക്കൊപ്പം ഉണ്ട്. എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന വികസനവും ക്ഷേമപദ്ധതികളും എല്ലാവർക്കും ലഭ്യമാകുന്ന ഒരു നവകേരളം സൃഷ്ടിക്കുകയാണ് ഈ പ്രവർത്തനങ്ങളുടെയെല്ലാം അന്തിമ ലക്ഷ്യമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സുശക്തി ലോഗോ മുഖ്യമന്ത്രി ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ അഡ്വ എം വി ജയഡാളിക്ക് നൽകി പ്രകാശനം ചെയ്തു. സുശക്തിയുടെ ആദ്യ അംഗത്വം മുഖ്യമന്ത്രിയിൽ നിന്നും ഡയറക്ടർ ഗിരീഷ് കീർത്തി ഏറ്റുവാങ്ങി.

കുടുംബശ്രീ പ്രസ്ഥാനം ഏതു മാതൃകയിലാണോ കേരളീയ സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവന്നത് അതേപോലെ ഭിന്നശേഷിക്കാരുടെ ദൃശ്യതയും സാന്നിധ്യവും വർദ്ധിപ്പിക്കാനും അവരെ വരുമാനദായകമായ സംരംഭങ്ങളിലേക്ക് നയിക്കാനുമാണ് സുശക്തി നെറ്റ് വർക്ക് വിഭാവനം ചെയ്തിരിക്കുന്നതെന്ന് ചടങ്ങിൽ അദ്ധ്യക്ഷയായ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. ചലനപരിമിതി നേരിടുന്നവർക്ക് സഞ്ചാരസ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനായി ശുഭയാത്രാ പദ്ധതിയിലൂടെ വിതരണം ചെയ്യുന്ന 1800 സൈഡ് വീൽ സ്കൂട്ടറുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം നസീറിനും മനുജയ്ക്കും താക്കോലുകൾ കൈമാറി മന്ത്രി നിർവഹിച്ചു. 18 വയസ്സുവരെ ഇരുപതിനായിരം രൂപ നിക്ഷേപിക്കുക വഴി തീവ്രഭിന്നശേഷിക്കാരായ കുട്ടികളുടെ ഭാവിയിൽ താങ്ങാവുന്ന ഹസ്തദാനം സ്ഥിര നിക്ഷേപ പദ്ധതിയിൽ ഈ വർഷം തിരഞ്ഞെടുക്കപ്പെട്ട 1200 പേരുടെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് വിതരണത്തിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.സംസ്ഥാന ഭിന്നശേഷി കമ്മീഷണർ ഡോ. പി ടി ബാബുരാജ്, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഡോ. അരുൺ എസ് നായർ, പ്ലാനിംഗ് ബോർഡ് അംഗം പ്രൊഫ. മിനി സുകുമാർ, ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കെ മൊയ്തീൻകുട്ടി തുടങ്ങിയവർ സംസാരിച്ചു. കെൽട്രോൺ മാനേജിംഗ് ഡയറക്ടർ ശ്രീകുമാർ നായർ, നിപ്മർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അബ്ബാസ് അലി, ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി അഡ്വ. എം കെ സിനുകുമാർ, ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ഡയറക്ടർ ചാരുമൂട് പുരുഷോത്തമൻ, മുൻ ഡയറക്ടർ ബോർഡ് അംഗം കൊറ്റാമം വിമൽകുമാർ തുടങ്ങിയവർ സംബന്ധിച്ചു.

## കൊടുംചൂടിൽ ആശ്വാസമായി മഴയെത്തും; ഒപ്പം ഇടിമിന്നലും

തിരുവനന്തപുരം: സംസ്ഥാനത്ത് ഒരിടവേളയ്ക്കു ശേഷം മഴമുന്നറിയിപ്പ്. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും ചൊവ്വാഴ്ചയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ പ്രവചനം. അതേസമയം, കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ അടുത്ത അഞ്ചു ദിവസത്തേക്കുള്ള മഴ സാധ്യതാ പ്രവചനം അനുസരിച്ച് ഒരു ജില്ലകളിലും പ്രത്യേക മുന്നറിയിപ്പില്ല. വരും മണിക്കൂറിൽ മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ നേരിയ/ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും; തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, വയനാട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും സാധ്യതയുണ്ട്. അതേസമയം, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## കഴുത്തിൽ കയറിട്ട്, കൈയിൽ കത്തിയുമായി യുവാവ് മരത്തിൽ; അനുനയിപ്പിച്ച് താഴെയിറക്കി പോലീസ്

പാമ്പാടി: ജീവനൊടുക്കാൻ ശ്രമിച്ച യുവാവിനെ അനുനയിപ്പിച്ച് രക്ഷപ്പെടുത്തി. ഇന്നു പുലർച്ചെ 3.10നു വാഴൂർ പഞ്ചായത്ത് 14-ാം വാർഡിൽ ഇളവുങ്കലാണ് സംഭവം. പാറതാനത്ത് പി. സി. സ്കറിയയുടെ വീടിനു സമീപത്തെ 20 അടി ഉയരമുള്ള തേക്കുമരത്തിൽ ബിബിൻ (32) എന്നയാൾ കയറി കഴുത്തിൽ കയറിട്ട് ബഹളം വയ്ക്കുന്നതു കേട്ടാണ് നാട്ടുകാരെത്തുന്നത്. പെട്രോൾ നിറച്ച കുപ്പിയും സർജിക്കൽ ബ്ലേഡും ഇയാളുടെ കൈവശമുണ്ടായിരുന്നു. ഫയർഫോഴ്സ് അധികൃതർ സ്ഥലത്തെത്തി അനുനയിപ്പിക്കാൻ രണ്ട് മണിക്കൂർ സേനാംഗങ്ങൾ ശ്രമിച്ചെങ്കിലും ഇയാൾ വഴങ്ങിയില്ല.

ബിബിൻറെ ജീവൻ അപകടത്തിലാകുമെന്നു മനസിലാക്കിയ സേനാംഗങ്ങളായ ഫയർ ആൻഡ് റെസ്ക്യു ഓഫീസർമാരായ നിഖിൽ, മനോജ് നാരായണൻ, അജീഷ്, ഫയർ ആൻഡ് റെസ്ക്യു ഓഫീസർ ഹരീഷ് മോൻ എന്നിവർ മരത്തിലൂടെയും ഏണിവഴിയും മുകളിൽ കയറി അതിസാഹസികമായി ബിബിനെ കീഴ്പ്പെടുത്തി താഴെ എത്തിച്ചു പോലീസിനു കൈമാറി. പാമ്പാടി ഫയർ സ്റ്റേഷൻ ഓഫീസർ പി. ജി. അനിൽകുമാർ, ഫയർ ആൻഡ് റെസ്ക്യു ഓഫീസർ ബിൻറു ആൻറണി എന്നിവരുടെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചത്.

## സർക്കാർ സർവീസിൽ സ്പോർട്സ് ക്വാട്ട നിയമനം

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2020-2024 വർഷങ്ങളിലേക്കുള്ള ഒഴിവുകളിലേക്ക് നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചു. വിജ്ഞാപനത്തിന്റെ പകർപ്പ് (06/03/2026 ലെ എസ്.ഡി1/96/2023/ജിഎഡി- പാർട്ട് 1) www.prd.kerala.gov.in, compose.kerala.gov.in വെബ്സൈറ്റുകളിൽ ലഭിക്കും. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെയും വെബ്സൈറ്റുകളിലും ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ജില്ലാ സ്പോർട്സ് കൗൺസിലുകളിലും വിജ്ഞാപനത്തിന്റെ പകർപ്പ് പരിശോധയ്ക്ക് ലഭ്യമാണ്. അപേക്ഷാ ഫാറം, അപേക്ഷ സമർപ്പിക്കേണ്ട വിലാസം, മറ്റ് മാനദണ്ഡങ്ങൾ എന്നിവ വിജ്ഞാപനത്തിൽ വിശദമാക്കിയിട്ടുണ്ട്. അപേക്ഷകളും അനുബന്ധരേഖകളും പൊതുഭരണ വകുപ്പിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 4 വൈകുന്നേരം 5.

## ലോറിയിൽ ബൈക്കിടിച്ചു; യുവാവിന് ദാരുണാന്ത്യം

കൈപ്പറമ്പ്: മുണ്ടൂർ സെൻററിൽ ടിപ്പർ ലോറിയും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രികൻ മരിച്ചു. മലപ്പുറം സ്വദേശി മുഹമ്മദ് ഫർഹാൻ (19)ആണ് മരിച്ചത്. ഇന്നു രാവിലെയാണ് സംഭവം. കൈവഴിയിലേക്ക് തിരിയുകയായിരുന്ന ലോറിയിൽ സ്കൂട്ടർ ഇടിക്കുകയായിരുന്നു. ഗുരുതര പരിക്കേറ്റ ഫർഹാനെ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## അനുനയ നീക്കം ഫലം കണ്ടില്ല; പാർട്ടി പദവികൾ രാജിവച്ച് സി. സി. മുകുന്ദൻ

തൃശൂർ: നാട്ടിക എംഎൽഎ സി. സി. മുകുന്ദൻ സിപിഐ മണ്ഡലം കമ്മിറ്റിയിൽ നിന്ന് രാജിവച്ചു. മുകുന്ദൻ നാട്ടികയിൽ സ്വതന്ത്രനായി മത്സരിക്കും. മറ്റു പാർട്ടികളുടെ പിന്തുണ സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

സിപിഐയിൽ നിരവധി പേർ പിന്തുണ അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗീത ഗോപിയ്ക്കെതിരെ മുകുന്ദൻ വീണ്ടും ആരോപണമുന്നയിച്ചു. മകൾക്ക് 225 പവൻ വിവാഹ സമ്മാനമായി നൽകിയെന്നാണ് മുകുന്ദൻറെ ആരോപണം. നാട്ടികയിൽ നിന്ന് പണം പിരിച്ചു. എന്നാൽ പണം തിരികെ കൊടുത്തില്ല. പണം കൊടുത്തവർ പരാതിയുമായി സമീപിച്ചെന്നും മുകുന്ദൻ വെളിപ്പെടുത്തുന്നു. ബിനോയ് വിശ്വത്തിൻറെ ഉറപ്പിൽ വിശ്വാസമില്ലെന്നും മുകുന്ദൻ വ്യക്തമാക്കി.

നാട്ടികയിൽ ഗീതാഗോപിയെ സ്ഥാനാർഥിയാക്കിയതിന് പിന്നാലെയാണ് സിപിഐയിൽ പൊട്ടിത്തെറിയുണ്ടായത്. പണം പിരിക്കാൻ കഴിവുള്ളത് കൊണ്ടാണ് ഗീതാ ഗോപിയെ സ്ഥാനാർഥിയായി പരിഗണിക്കാൻ കാര്യമെന്നും മുകുന്ദൻ പറഞ്ഞിരുന്നു.

എന്നാൽ ആരോപണത്തോട് പ്രതികരിക്കാതെ ഗീതാഗോപി ഒഴിഞ്ഞുമാറി. മുകുന്ദനെ അനുനയിപ്പിക്കാനുള്ള നീക്കം സിപിഐ തുടങ്ങിയപ്പോൾ മുകുന്ദൻ കോൺഗ്രസ് നേതാക്കളുമായി ബന്ധപ്പെട്ടിരുന്നു.

ഒരുവട്ടം മാത്രം മത്സരിച്ച തന്നെ ഒഴിവാക്കി ഗീതാ ഗോപിക്ക് മൂന്നാമത് അവസരം നൽകിയതിന് പിന്നാലെയാണ് മുകുന്ദന്റെ കലാപം. നാട്ടികയിൽ ഒരിക്കൽ കൂടി മത്സരിക്കാൻ അവസരം കിട്ടുമെന്ന് മുകുന്ദൻ പ്രതീക്ഷിച്ചിരുന്നു. വികസന യാത്ര പൂർത്തിയാക്കി മത്സരിക്കാനുള്ള സന്നദ്ധതയും പാർട്ടി നേതൃത്വത്തെ അറിയിച്ചിരുന്നു.

എന്നാൽ പ്രാദേശിക പാർട്ടി നേതൃത്വത്തിന് കുറച്ചു കാലമായി മുകുന്ദൻ കണ്ണിലെ കരടായിരുന്നു. ചേർപ്പ് മണ്ഡലം കമ്മിറ്റി മുകുന്ദനെ മത്സരിപ്പിക്കരുതെന്ന നിലപാടെടുക്കുകയും ചെയ്തു. ഇതോടെയാണ് ഗീതാ ഗോപിയെ വീണ്ടും കളത്തിലിറക്കാനുള്ള തീരുമാനം വന്നത്.

പാർട്ടി നേതാക്കളുമൊന്നിച്ച് ഗീതാ ഗോപി മണ്ഡലത്തിൽ പ്രവർത്തനം തുടങ്ങിയെന്ന് മനസിലാക്കിയതിന് പിന്നാലെ മുകുന്ദൻ കോൺഗ്രസ് നേതാക്കളുമായി ബന്ധപ്പെട്ടത്. രമേശ് ചെന്നിത്തല ഇക്കാര്യം രാവിലെ സ്ഥിരീകരിക്കുകയും ചെയ്തിരുന്നു.

മുകുന്ദനെ സ്വീകരിക്കുന്ന കാര്യത്തിൽ എഐസിസിയാവും നിലപാടെടുക്കുക. നേരത്തെ തന്നെ നാട്ടികയിൽ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന സുനിൽ ലാലൂർ ഉൾപ്പടെയുള്ള സീറ്റ് മോഹികളെ അനുനയിപ്പിക്കാനുള്ള നീക്കവും കോൺഗ്രസ് തുടങ്ങിയിട്ടുണ്ട്.

അതേ സമയം മുകുന്ദനെ സിപിഐ ഇപ്പോഴും തള്ളിക്കളഞ്ഞിട്ടില്ല. അനുനയത്തിന് ജില്ലയിലെ നേതാക്കളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഫ്ളോറാജെറ്റിനെ റാഞ്ചി ഹാക്കർമാർ; ചോർന്നത് 14 ലക്ഷം പേരുടെ സ്വകാര്യവിവരങ്ങൾ

പാരീസ്: പ്രമുഖ ഫ്രഞ്ച് പുഷ്പവിതരണ കമ്പനിയായ ഫ്ളോറാജെറ്റ് വൻ സൈബർ ആക്രമണത്തിന് ഇരയായി. കമ്പനിയുടെ വെബ്സൈറ്റിലെ ബിസിനസ്-ടു-ബിസിനസ് ടൂളിൽ നടന്ന കടന്നുകയറ്റത്തിലൂടെ 14 ലക്ഷത്തോളം ഓർഡർ ഫോമുകൾ ഹാക്കർമാർ ചോർത്തിയെന്നാണ് റിപ്പോർട്ട്. കഴിഞ്ഞ ചൊവ്വാഴ്ചയാണ് സംഭവം പുറത്തറിഞ്ഞത്.

ഉപയോക്താക്കളുടെ ബാങ്ക് വിവരങ്ങളോ, പാസ്വേഡുകളോ ചോർന്നിട്ടില്ലെന്ന് കമ്പനി അധികൃതർ അറിയിച്ചു. എന്നാൽ ഇക്കാര്യത്തിൽ സംശയമുള്ളതായി നിരവധിപ്പേർ സമൂഹമാധ്യമങ്ങളിൽ തങ്ങളുടെ ആശങ്കകൾ പങ്കുവച്ചു. 2023 മുതൽ 2026 വരെയുള്ള കാലയളവിലെ ഉപയോക്താക്കളുടെ സ്വകാര്യസന്ദേശങ്ങൾ ഉൾപ്പെടെയുള്ള വ്യക്തിഗത വിവരങ്ങളാണു ഹാക്കർമാർ സമർഥമായി ചോർത്തിയത്.

1992ൽ സ്ഥാപിതമായ ഫ്ളോറാജെറ്റിൻറെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിലൊരു സംഭവം. ഏകദേശം 4500ലേറെ ഡീലർമാർ സജീവമായുള്ള, യൂറോപ്പിലെ പ്രമുഖ കമ്പനിയാണ് ഫ്ളോറാജെറ്റ്. മൂന്നു മണിക്കൂറിനുള്ളിൽ പൂക്കൾ വിതരണം ചെയ്യുമെന്നതാണ് ഇവരുടെ ഏറ്റവും വലിയ പ്രത്യേകത.

ഉപഭോക്താക്കളുടെയും സ്വീകർത്താക്കളുടെയും വിലാസങ്ങൾ (ഏകദേശം 12 ലക്ഷത്തിലധികം), ഫോൺ നമ്പറുകൾ (ഏകദേശം 9.5 ലക്ഷത്തോളം), പൂക്കൾക്കൊപ്പം അയച്ച സ്വകാര്യ സന്ദേശങ്ങൾ എന്നിവയാണു ചോർന്നത്. ഡാർക്ക് വെബ് ഫോറങ്ങളിൽ 136 ജിഗാബൈറ്റ് വരുന്ന ഈ വിവരങ്ങൾ വില്പനയ്ക്കു വച്ചിട്ടുണ്ടെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

സന്ദേശങ്ങളിൽ പ്രണയ ലേഖനങ്ങൾ മുതൽ സ്വകാര്യവിവരങ്ങൾ വരെ ഉൾപ്പെട്ടിട്ടുള്ളത് ഉപഭോക്താക്കളെ അസ്വസ്ഥമാക്കുന്നതുമായി. അതേസമയം, ഉപഭോക്താക്കൾ തട്ടിപ്പുകൾക്കും ബ്ലാക്ക് മെയിലിംഗിനും ഇരയാകാൻ സാധ്യതയുണ്ടെന്ന് കമ്പനി മുന്നറിയിപ്പ് നൽകുന്നു. എസ്എംഎസ്, ഫോൺ കോളുകൾ, അല്ലെങ്കിൽ നേരിട്ടുള്ള സന്ദർശനങ്ങൾ എന്നിവ വഴി തട്ടിപ്പുകാർ വിവരങ്ങൾ ചോദിച്ചേക്കാം. ഇതിനെതിരേ ജാഗ്രത പാലിക്കണമെന്നും കമ്പനി ഉപഭോക്താക്കളെ അറിയിച്ചിട്ടുണ്ട്.

സംഭവം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കിയതായും, പങ്കാളിത്തമുള്ള പൂക്കൾ വിതരണക്കാരോട് പാസ്വേഡുകൾ പുനഃക്രമീകരിക്കാൻ നിർദേശിച്ചതായും ഫ്ളോറാജെറ്റ് അറിയിച്ചു.

## ജല പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ഐസിഎആർ വിന്റർ സ്കൂൾ കുഫോസിൽ ആരംഭിച്ചു

കൊച്ചി: കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല (കുഫോസ്), ഐസിഎആർ പിന്തുണയോടെ സംഘടിപ്പിക്കുന്ന 'Aquatic Ecosystem and Biodiversity Conservation: Genes to Governance" വിന്റർ സ്കൂൾ പരിശീലന പരിപാടി ഇന്ന് കുഫോസിൽ ആരംഭിച്ചു. ജല പരിസ്ഥിതി മാനേജ്മെന്റും ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾ, ഗവേഷകർ വിദഗ്ധർ എന്നിവർക്ക് ആവശ്യമായ അറിവും സാങ്കേതിക വിജ്ഞാനവും വർധിപ്പിക്കുകയാണ് മാർച്ച് 9 മുതൽ 30 വരെ നടക്കുന്ന പരിശീലന പരിപാടിയുടെ ലക്ഷ്യം.

കേരള ഹൈക്കോടതി ജഡ്ജിയായ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പരിപാടി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ ജല പരിസ്ഥിതിയെ സംരക്ഷിക്കുകയും പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം ഉറപ്പാക്കുകയും ഭരണ സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രകൃതിയെ സംരക്ഷിക്കുന്നതിന് ആഗോള കാഴ്ചപ്പാട് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. പ്രകൃതിയെ “പ്രാദേശികം” എന്ന തലത്തിൽ കാണാനാവില്ലെന്നും പരിസ്ഥിതി സംവിധാനങ്ങൾ പരസ്പരം ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനാൽ അവയുടെ സ്വഭാവം ആഗോളമാണെന്നും അദ്ദേഹം വ്യക്തമാക്കി. മനുഷ്യർ രൂപപ്പെടുത്തിയ നിയമങ്ങളും ഭരണ സംവിധാനങ്ങളും പലപ്പോഴും മനുഷ്യകേന്ദ്രീകൃതമായ സമീപനത്തിലാണ് പ്രവർത്തിക്കുന്നതെന്നും അതിൽ പ്രകൃതി വേണ്ടത്ര പരിഗണിക്കപ്പെടുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഭൗമ നിയമ ശാസ്ത്രം എന്ന ആശയത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയ അദ്ദേഹം മനുഷ്യർ പ്രകൃതിയുടെ ഒരു ഭാഗം മാത്രമാണെന്ന തിരിച്ചറിവോടെയാണ് പ്രകൃതി വിഭവങ്ങളെ കൈകാര്യം ചെയ്യേണ്ടതെന്നും പറഞ്ഞു. ജൈവവൈവിധ്യം നിലനിർത്തുന്നത് ജീനുകളുടെ സംരക്ഷണത്തിനും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കും നിർണായകമാണെന്നും അദ്ദേഹം പറഞ്ഞു. ഇന്നത്തെ ലോകത്തിൽ പ്രാദേശിക പ്രവർത്തനങ്ങൾക്ക് ആഗോള പ്രതിഫലങ്ങൾ സൃഷ്ടിക്കാനാകുമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ആശയങ്ങളുടെയും അറിവിന്റെയും ശക്തിയാണ് ഇന്ന് ലോക ഭരണ സംവിധാനങ്ങളെ സ്വാധീനിക്കുന്നതെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ കൂട്ടിച്ചേർത്തു.

പരിപാടിയിൽ ഡോ. എ. ബിജു കുമാർ, ഡോ. കെ. ദിനേശ്, ഡോ. അനു ഗോപിനാഥ്, ഡോ. എം. കെ. സജീവൻ, ഡോ. രഞ്ജീത് കെ. , ഡോ. രാജീവ് രാഘവൻ, ശ്രീമതി ജൂഡിത് ദാസ് എന്നിവർ പങ്കെടുത്തു.




സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ് ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കുന്നു